# 16th Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

July 10, 2020

## ഇന്ത്യ ചൈന അതിർത്തി പ്രശ്നങ്ങളിൽ കൂടിയാലോചനക്കും ഏകോപനത്തിനുമാവശ്യമായ പ്രവർത്തനങ്ങൾക്കായുള്ള 16 മത് സമ്മേളനം.

**July 10, 2020**

ഇന്ത്യ -ചൈന അതിർത്തി പ്രശ്നങ്ങളിൽ കൂടിയാലോചനയ്ക്കും ഏകോപനത്തിനുമായുള്ള പ്രവർത്തനങ്ങളുടെ (WMCC) 16 മത് സമ്മേളനം 10 ജൂലൈ 2020 ന് നടന്നു.ഇന്ത്യയുടെ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ജോയിന്റ് സെക്രട്ടറിയും (കിഴക്കൻ ഏഷ്യ പ്രവിശ്യ),ചൈനീസ് പ്രാതിനിധ്യ സംഘത്തെ ചൈനീസ് മന്ത്രാലയത്തിലെ അതിർത്തി കടൽ വകുപ്പിന്റെ ഡയറക്ടർ ജനറലുമാണ് നയിച്ചത്.

2. 17 ജൂൺ 2020 ൽ രണ്ടു രാജ്യത്തെയും വിദേശകാര്യ മന്ത്രിമാർ തമ്മിൽ ഒപ്പ് വയ്ച്ചതും 5 ജൂലൈ 2020 ൽ ടെലിഫോൺ സംഭാഷണത്തിലൂടെ രണ്ട് പ്രത്യേക പ്രതിനിധികൾ(എസ് ആറുകൾ) തമ്മിൽ ഏർപ്പെട്ടതുമായ ഉടമ്പടികൾ അനുസ്മരിക്കപ്പെട്ടു, കൂടാതെ ഇരു ഭാഗങ്ങളും, ഉഭയ സമ്മത പ്രകാരമുള്ള ഉടമ്പടികളും നിയമങ്ങളും അനുസരിച്ച് യഥാർത്ഥ നിയന്ത്രണ രേഖയിൽ (എൽ എ സി) നിന്നും സൈന്യങ്ങളെ പൂർണമായും പിൻവലിക്കുന്നതിനും ഇന്ത്യ -ചൈന അതിർത്തി മേഖലകളിൽ പൂർണമായ സമാധാനവും ശാന്തതയും കൈവരിക്കുന്നതിനും ഉറപ്പു നൽകി. പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നത് മൊത്തത്തിലുള്ള വികസനത്തിനും അമർത്തി പ്രദേശങ്ങളിൽ ശാന്തതയും സമാധാനവും നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണെന്നും സമ്മതിച്ചു.

3. എൽ എ സി യുടെ പടിഞ്ഞാറൻ പ്രവിശ്യയിലെ ഇന്ത്യ ചൈന അതിർത്തി മേഖലകളിൽ തുടർന്ന് കൊണ്ടിരിക്കുന്ന പിന്മാറ്റ നടപടികൾ ഉൾപ്പടെയുള്ള സാഹചര്യങ്ങൾ അവർ വിലയിരുത്തി. ഉന്നത കമാണ്ടർമാർ മുഖേനെ എത്തിച്ചേർന്നിട്ടുള്ള ധാരണകൾ സത്യസന്ധമായി നടപ്പിലാക്കുന്നതിന് രണ്ടു ഭാഗക്കാർക്കും ഇത് അത്യാവശ്യമാണ് എന്നും അവർ സമ്മതിച്ചു. രണ്ടു എസ് ആറുകളും തമ്മിൽ മുൻപ് സമ്മതിച്ചതുപോലെ, പൂർണമായും സമയ ബന്ധിതവുമായുള്ള പിന്മാറ്റവും സൈന്യ വിന്യാസ തീവ്രത കുറക്കുന്നതും ഉറപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾക്ക് ഉന്നത കമാണ്ടർമാർ ഉടനെ തന്നെ കൂടിക്കാഴ്ച നടത്തുന്നതായിരിക്കും.

4. നയതന്ത്ര- സൈനിക നിലകളിൽ തുടർന്ന് വരുന്ന ആശയ വിനിമയങ്ങൾ നില നിർത്തുന്നത് ഇപ്പോഴത്തെ സാഹചര്യത്തിന് പെട്ടന്നുള്ള പരിഹാരങ്ങൾ കണ്ടെത്താൻ ആവശ്യമാണെന്ന് ഇരു കക്ഷികളും സമ്മതിച്ചു. ഈ പശ്ചാത്തത്തിൽ ഡബ്ള്യൂ എം സി സി യുടെ മറ്റൊരു സമ്മേളനനും കൂടി സമീപ ഭാവിയിൽ ഏർപ്പെടുത്താമെന്നും തീരുമാനിക്കുകയുണ്ടായി.

ന്യൂ ഡൽഹി
**ജൂലൈ 10, 2020**

*****

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.